# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T.1680** — **16.06.2014- ലെ മറുപടിക്ക്**

## വിരമിച്ച വിദഗ്ധ ഉദ്യോഗസ്ഥരുടെ കൺസോർഷ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം വി. ശ്രേയാംസ് കുമാർ:** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചവരിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ കൺസോർഷ്യം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ധ്യം വിവിധ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗിച്ച് കേരള വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി വിരമിച്ചവരെ ഉൾപ്പെടുത്തി "കൺസോർഷ്യം ഓഫ് റിട്ടയേഡ് എക്സ്പേർട്ട്സ് ഓഫ് ഡെവലപ്പ്മെന്റ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. [G.O.(Ms)No.38/2013/Plg. dated 26/07/2013] കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | വികസന പ്രവർത്തനങ്ങളിൽ ഇവരുടെ സേവനം ഉറപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | സർവ്വീസിൽ നിന്നും വിരമിച്ചവരെ ഉൾപ്പെടുത്തി സിആർഇഡി എന്ന കമ്പനി രൂപീകരിച്ച് അവരുടെ വിദഗ്ധ സേവനം കേരളത്തിന്റെ വിവിധ വികസന മേഖലകളിൽ ഉപയോഗപ്പെടുത്തുന്നതാണ്. കേന്ദ്ര/ സംസ്ഥാന സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, സ്വകാര്യ മേഖല, സർക്കാരിതര സംഘടനകൾ, വീട്ടുകാര്യങ്ങൾ തുടങ്ങി ഏതു മേഖലയിലും ഇവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. പുതിയ മേഖലകളിലെ സാദ്ധ്യതകളും നവീന ആശയങ്ങളും കണ്ടെത്തി അതിൽ ഇടപെടുക വഴി സേവനമേഖല കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ